## പതിനൊന്നാം കേരള നിയമസഭ
**നാലാം സമ്മേളനം**
2002 ജൂലായ് 18-ാം തീയതി വ്യാഴാഴ്ച
(ആകെ ചോദ്യങ്ങൾ -24)


**(529) കള്ളിൻ നിന്നുണ്ടാക്കുന്നതും സെൽഫ് ജനറേറ്റഡ് ആൽക്കഹോൾ അംശമുള്ളതുമായ ഉൽപ്പന്നങ്ങളെ അബ്കാരി നിയമങ്ങളുടെ പരിധിയിൽ നിന്നും ഒഴിവാക്കുന്നതിന് നടപടി**
**(530) കയർ ഉൽപ്പന്നങ്ങളുടെ കയറ്റുമതി**
**(531) മന്ത്രിമാരുടെ മേൽനോട്ടത്തിൽ ജില്ലാതലത്തിൽ നടത്തിയ റവന്യു പിരിവ്**
**(532) നെൽകൃഷിക്കുള്ള വൈദ്യുതി ചാർജ്**
**(533) മുട്ടയുൽപ്പാദനം വർദ്ധിപ്പിക്കുവാൻ നടപടി**
**(534) നാണ്യവിളകളുടെ ഉൽപ്പാദനം വർദ്ധിപ്പിക്കുവാൻ നടപടി**
**(535) വ്യാജ മദ്യത്തിന്റെ ഒഴുക്ക് തടയുന്നതിനുള്ള സംവിധാനം**
**(536) ട്രഷറി പബ്ലിക് അക്കൗണ്ട് മരവിപ്പിച്ചത് ഒഴിവാക്കാൻ നടപടി**
**(537) കൊപ്രാ ഡ്രൈഡറുകൾ സ്ഥാപിക്കാനുള്ള പരിപാടി**
**(538) മയക്കുമരുന്നിന്റെയും കറുപ്പിന്റെയും കള്ളക്കടത്തും വിൽപ്പനയും തടയാൻ നടപടി**
**(539) വനനിയമങ്ങളെ ക്രോഡീകരിച്ച്കൊണ്ട് പുതിയ നിയമം കൊണ്ടുവരാൻ നടപടി**
**(540) പച്ചക്കറി കൃഷി മെച്ചപ്പെടുത്തുവാൻ നടപടി**
**(541) നികുതി അടയ്ക്കാത്ത സ്വർണ്ണവ്യാപാരികളെ ശിക്ഷിക്കുന്നതിനും നികുതി ഈടാക്കുന്നതിനും നടപടി**
**(542) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുള്ള തുക**
**(543) യന്ത്രവൽകൃത ചകിരിമില്ലുകൾക്ക് വൈദ്യുതിചാർജിൽ സബ്സിഡി**
**(544) പുതിയ സബ്ട്രഷറികൾ**
**(545) മോട്ടോർ വാഹനങ്ങളുടെ ഇൻഷ്വറൻസ് തുകയിൽ വരുത്തിയ വർദ്ധനവ് പിൻവലിക്കുവാൻ നടപടി**
**(546) ട്രഷറികളിലെ കമ്പ്യൂട്ടർവൽക്കരണം**
**(547) സാംപത്തികശാസ്ത്രവും സ്ഥിതിവിവരക്കണക്കുകളും വകുപ്പിൽ വിവര സാങ്കേതികവിദ്യ നടപ്പാക്കിയതിന്റെ പുരോഗതി**
**(548) സ്വർണ്ണ വ്യാപാരത്തിലെ നികുതിവെട്ടിപ്പ് തടയുവാനും നികുതി പിരിവ് ഊർജ്ജിതമാക്കാനും നടപടി**
**(549) ഔഷധ സസ്യകൃഷി**
**(550) സ്വകാര്യ ചിട്ടി കമ്പനികൾ**
**(551) ശബരിമല തീർത്ഥാടകരുടെ സൗകര്യാർത്ഥം ദേവസ്വംബോർഡ് ആവിഷ്ക്കരിച്ചിട്ടുള്ള പുതിയ പദ്ധതികൾ**
**(552) ക്ഷേമപദ്ധതികൾക്കായി നൽകിയ ചെക്കുകളുടെ നിയന്ത്രണം പൂർണ്ണമായി പിൻവലിക്കുവാൻ നടപടി**


### കള്ളിൻ നിന്നുണ്ടാക്കുന്നതും സെൽഫ് ജനറേറ്റഡ് ആൽക്കഹോൾ അംശമുള്ളതുമായ ഉൽപ്പന്നങ്ങളെ അബ്കാരി നിയമങ്ങളുടെ പരിധിയിൽ നിന്നും ഒഴിവാക്കുന്നതിന് നടപടി

529. ശ്രീ. ഷിബു ബേബിജോൺ :
ശ്രീ. ജോണി നെല്ലൂർ :
ശ്രീ. ഉമേഷ് ചള്ളിയിൽ :
ശ്രീ. കെ. കെ. ഷാജു :
ശ്രീ. എ. എൻ. രാജൻ ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കേര കർഷകർ നേരിടുന്ന പ്രതിസന്ധി പരിഗണിച്ച് കള്ളിൽ നിന്നുണ്ടാക്കുന്നതും സെൽഫ് ജനറേറ്റഡ് ആൽക്കഹോൾ അംശമുള്ളതുമായ ഉൽപ്പന്നങ്ങളെ അബ്കാരി നിയമങ്ങളുടെ പരിധിയിൽ നിന്നും ഒഴിവാക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ;

(സി) ഇല്ലെങ്കിൽ ഇക്കാര്യം പരിഗണിക്കുമോ;

(ഡി) നിലവിൽ കള്ളിൽ നിന്നുണ്ടാക്കുന്ന എന്തൊക്കെ ഉൽപ്പന്നങ്ങളാണ് അബ്കാരി നിയമങ്ങളുടെ പരിധിയിൽ വരാത്തതെന്ന് വ്യക്തമാക്കുമോ?

**ഉത്തരം**

**ശ്രീ. കെ. ശങ്കരനാരായണൻ (ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി):-**

(എ) പരിഗണനയിലില്ല.

(ബി) ഇതു സംബന്ധിച്ച് നിർദ്ദേശമൊന്നും സർക്കാരിന്റെ പരിശോധനയ്ക്ക് ലഭിച്ചിട്ടില്ല.

(സി) നിലവിൽ തെങ്ങ്/പന/ചുണ്ടപ്പന എന്നിവ ചെത്തി കള്ള് ഉൽപാദിപ്പിച്ച് കള്ളഷാപ്പിൽ ക്കൂടി വിൽക്കുന്നതിനുള്ള അവകാശം മാത്രം നൽകിയിട്ടുള്ളു. ടി വൃക്ഷങ്ങൾ ചെത്തി കള്ള് ഉൽപ്പാദിപ്പിക്കുന്നത് അബ്കാരി നിയമങ്ങൾക്ക് വിധേയമായിട്ടാണ്. ആയതിനാൽ കള്ളിൽ നിന്നും ഉണ്ടാക്കുന്ന എല്ലാ ഉൽപ്പന്നങ്ങളും അബ്കാരി നിയമങ്ങൾക്ക് വിധേയമാണ്.

**കയർ ഉൽപ്പന്നങ്ങളുടെ കയറ്റുമതി**

530. ശ്രീ. പി. കെ. കെ. ബാവ :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. പി. കെ. അബ്ദുറബ്ബ് :
ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. സി. മൊയിൻ കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശങ്ങളിൽ കയറുൽപ്പന്നങ്ങൾക്ക് ഡിമാന്റ് വർദ്ധിച്ചിട്ടുണ്ടോ;

(ബി) ഏതെല്ലാം വിദേശ രാജ്യങ്ങളാണ് കയറുൽപ്പന്നങ്ങൾ വാങ്ങുന്നത്;

(സി) കയർ ഉൽപ്പന്നങ്ങളുടെ വിദേശ വിൽപ്പനമാന്ദ്യം ഒഴിവാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ഡി) കയറ് ഉൽപ്പന്നങ്ങൾ വിദേശങ്ങളിലേക്ക് കയറ്റി അയച്ചതിന്റെ കഴിഞ്ഞ മൂന്നുവർഷത്തെ കണക്കുകൾ വെവ്വേറെ അറിയിക്കാമോ?

**ഉത്തരം**

**ശ്രീമതി കെ. ആർ. ഗൗരിയമ്മ (കൃഷിയും കയറും വകുപ്പുമന്ത്രി):-**

(എ) ഉണ്ട്.

(ബി) ഫ്രാൻസ്, ഇറ്റലി, അമേരിക്കൻ ഏക്യനാടുകൾ, ബ്രസീൽ, തെക്കൻ കൊറിയ, ബെൽജീയം, ജർമ്മനി, നെതർലാന്റ്, കാനഡ, സ്പെയിൻ, കുവൈറ്റ്, ഇംഗ്ളണ്ട്, ടർക്കി, പാക്കിസ്ഥാൻ, പോർച്ചുഗൽ എന്നീ വിദേശരാജ്യങ്ങളാണ് പ്രധാനമായും കയർവാങ്ങുന്നത്. ലിസ്റ്റ് അനുബന്ധമായി വെച്ചിട്ടുണ്ട്.

(സി) കയർ ജിയോ ടെക്സ്റ്റയിൽസ് വികസനത്തിനും വിപണനത്തിനുമുള്ള സഹായമായി നടപ്പു സാംപത്തിക വർഷത്തിലെ ബഡ്ജറ്റിൽ 120 ലക്ഷം രൂപ വക കൊള്ളിച്ചിട്ടുണ്ട്. ജിയോ ടെക്സ്റ്റയിൽസിന്റെ വൈവിദ്ധ്യമാർന്ന ഉപയോഗങ്ങൾക്ക് സാങ്കേതിക നിർദ്ദേശങ്ങൾ നൽകുന്ന ഒരു റഫറൻസ് മാനുവലായി ഒരു ഗ്രന്ഥം പ്രസിദ്ധീകരണത്തിന് തയ്യാറായിട്ടുണ്ട്. ജിയോ ടെക്സ്റ്റയിൽസിന്റെ വികസനത്തിലൂടെ കയർ വിപണനത്തിന് പുതിയ മേഖലകൾ കണ്ടെത്തി കയറിന്റെ കയറ്റുമതി വർദ്ധിപ്പിക്കാവുന്നതാണ്. ഇതു കൂടാതെ കയർ വിഭാഗത്ത് ഗവേഷണത്തിനും വികസനത്തിനും വേണ്ടി നടപ്പു സാംപത്തിക വർഷത്തെ ബഡ്ജറ്റിൽ 35 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ ആഗോള ആവശ്യങ്ങൾക്കനുസൃതമായി ഗുണമേൻമയും വൈവിദ്ധ്യമാർന്നതും വിപണിയിൽ വിലമാൽസര്യം നേരിടാൻ പോരുന്ന ഉൽപ്പന്നങ്ങൾ സൃഷ്ടിച്ചെടുക്കാൻ ഒരു കയർ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് കേരളത്തിൽ സ്ഥാപിക്കുന്നതിന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഗുണമേന്മയുള്ളതും ആകർഷകങ്ങളുമായ ഉൽപ്പന്നങ്ങൾ ഉൽപാദിപ്പിക്കുന്നതിന് വിപണനം നടത്തുന്നതിനും വ്യവസായ സംരംഭകർക്ക് അടിസ്ഥാന സൗകര്യങ്ങൾ നൽകി വരുന്നുണ്ട്. കയറിന്റെ ഗവേഷണത്തിനും വികസനത്തിനും കയർ പാർക്കിൽ സൗകര്യങ്ങൾ നൽകാൻ ഉദ്ദേശിക്കുന്നു. ഇതു മൂലം മൂല്യാധിഷ്ഠിത ഉൽപ്പന്നങ്ങൾ നിർമ്മിച്ച് ഡിമാന്റ് വർദ്ധിപ്പിക്കാൻ കഴിയുന്നതാണ്. ഫോം മാട്ടിംഗ്സ്, ഈ സാംപത്തിക വർഷം മുതൽ കയറും സൈൽസും ചേർത്ത് പ്രത്യേക നിറത്തിൽ വൗച്ച് മാറ്റിംഗ് നിർമ്മിച്ച് വിദേശത്തെക്ക് കയറ്റി അയക്കുന്നണ്ട്. പരസ്യത്തിനും പ്രചരണത്തിനുമായി വക കൊള്ളിച്ചിട്ടുള്ള 30 ലക്ഷം രൂപ ഉപയോഗിച്ച് ആഭ്യന്തരവും, അന്തർദ്ദേശീയവുമായ പ്രചാരണം വഴി കയറ്റുമതി വികസനം ത്വരിതപ്പെടുത്താവുന്നതാണ്.

(ഡി) കയർ ഉൽപ്പന്നങ്ങൾ, വിദേശങ്ങളിലേക്ക് കയറ്റി അയച്ചതിന്റെ കഴിഞ്ഞ മൂന്ന് വർഷത്തെ കണക്കുകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.

## മന്ത്രിമാരുടെ മേൽനോട്ടത്തിൽ ജില്ലാതലത്തിൽ നടത്തിയ റവന്യൂ പിരിവ്

531. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ :

ശ്രീ. യു. സി. രാമൻ :

ശ്ര. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓരോ മന്ത്രിമാരേയും ഓരോ ജില്ലയുടെ റവന്യൂ പിരിവിന്റെ മേൽനോട്ടം വഹിക്കുന്നതിനായി ചുമതലപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ റവന്യൂ വരുമാനം എത്ര ശതമാനം വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്രയാണെന്ന് വെളിപ്പെടുത്തുമോ?

**ഉത്തരം**

**ശ്രീ. കെ. ശങ്കരനാരായണൻ (ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി):-**

(എ) & (ബി) കണക്കാക്കിയിട്ടില്ല. അക്കൗണ്ടന്റ് ജനറിലിന്റെ താൽക്കാലിക കണക്കു പ്രകാരം 5905.04 കോടി രൂപയുടെ നികുതി വരുമാനം 2001-2002 സാംപത്തിക വർഷം ലഭിച്ചിട്ടുണ്ട്.

## നെൽകൃഷിക്കുള്ള വൈദ്യുതി ചാർജ്

532. ശ്രീമതി ഗിരിജാ സുരേന്ദ്രൻ:

ശ്രീ. വി. കെ. ചന്ദ്രൻ :

ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെൽകൃഷിക്കുള്ള വൈദ്യുതി ചാർജ് യഥാസമയം അടയ്ക്കാത്തതുമൂലം കണക്ഷൻ വിച്ഛേദിക്കുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഈ ഇനത്തിൽ എന്ത് തുകയാണ് ഇലക്ട്രിസിറ്റി ബോർഡിന് അടയ്ക്കാനുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) കണക്ഷൻ വിച്ഛേദിക്കുന്നതുമൂലം കർഷകർക്കുണ്ടാകുന്ന കഷ്ടനഷ്ടങ്ങൾ ഒഴിവാക്കാൻ നടപടി എന്തെങ്കിലും സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ;

(ഡി) വൈദ്യുതി ചാർജ് നേരിട്ട് കൃഷി വകുപ്പ് അടയ്ക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഇ) ഇല്ലെങ്കിൽ ഇതു സംബന്ധിച്ച് കൃഷിവകുപ്പും ഇലക്ട്രിസിറ്റി ബോർഡും തമ്മിൽ ചർച്ച ചെയ്തു പരിഹാരം ഉണ്ടാകാൻ നടപടി സ്വീകരിക്കുമോ?

**ഉത്തരം**

**ശ്രീമതി കെ. ആർ. ഗൗരിയമ്മ (കൃഷിയും കയറും വകുപ്പുമന്ത്രി):-**

(എ) ഉണ്ട്.

(ബി) കൃഷിവകുപ്പിന്റെ കണക്കുപ്രകാരം 2001-2002 അവസാനം വരെ 32 കോടി രൂപ കുടിശ്ശിക ഇനത്തിൽ ഇലക്ട്രിസിറ്റി ബോർഡിന് നൽകാനുണ്ട്. 2002-2003-ൽ ഈയിനത്തിലുണ്ടാകുന്ന ബാധ്യത 16 കോടി രപയാണ്.

(സി) വൈദ്യുതി സൗജന്യത്തിനായി ഈ വർഷം മൂന്നു കോടി രൂപ ബഡ്ജറ്റിൽ വക കൊള്ളിച്ചിട്ടുണ്ട്. വൈദ്യുതി ബോർഡിന് ഈയിനത്തിലെ കുടിശ്ശിക മുഴുവനും തീർക്കാനാവശ്യമായ തുക ലഭ്യമാക്കുന്നതിനുള്ള ശ്രമങ്ങളും നടത്തിവരുന്നു.

(ഡി) ആന്റ് (ഇ) കർഷകർക്ക് ബുദ്ധിമുട്ടുണ്ടാക്കാത്തവിധത്തിൽ നിലവിലുള്ള സംവിധാനത്തിൽ മാറ്റം വരുത്തുന്നതു സംബന്ധിച്ച് ബന്ധപ്പെട്ടവരുമായി ചർച്ച നടത്തി യുക്തമായ നടപടികൾ സ്വീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

## മുട്ടയുൽപ്പാദനം വർദ്ധിപ്പിക്കുവാൻ നടപടി

533. ശ്രീ. ടി. വി. ചന്ദ്രമോഹൻ :

ശ്രീ. ഇ. എം. അഗസ്തി :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. അടൂർ പ്രകാശ് :
ശ്രീമതി രാധാരാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രതിവർഷം മുട്ടയുടെ ഉൽപ്പാദനം എത്രയാണ് എന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് പ്രതിവർഷം മുട്ടയുടെ ആവശ്യം എത്രയാണ് എന്ന് വെളിപ്പെടുത്താമോ;

(സി) മൃഗസംരക്ഷണ വകുപ്പിന്റെ കോഴിവളർത്തൽ കേന്ദ്രങ്ങൾക്ക് സംസ്ഥാനത്ത് ആവശ്യമായ മുട്ടയുടെ എത്ര ശതമാനം നൽകുവാൻ കഴിയുന്നു എന്ന വെളിപ്പെടുത്താമോ;

(ഡി) മുട്ടയുൽപ്പാദനം വർദ്ധിപ്പിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്;

(ഇ) കോഴിക്കുഞ്ഞുങ്ങളെയും കോഴിത്തീറ്റയും നൽകി കോഴിവളർത്തൽ അഭിവൃദ്ധിപ്പെടുത്തുവാനുള്ള ഉദ്ദേശമുണ്ടോ എന്ന് വ്യക്താക്കുമോ?

<u>ഉത്തരം</u>

**ശ്രീമതി കെ. ആർ. ഗൗരിയമ്മ (കൃഷിയും കയറും വകുപ്പുമന്ത്രി):-**

(എ) 2001–2002 വർഷത്തിൽ സംസ്ഥാനത്ത് 205.5 കോടി മുട്ടയാണ് ഉൽപാദിപ്പിച്ചത്.

(ബി) 539.1 കോടി മുട്ടയാണ് പ്രതിവർഷം ആവശ്യമായിട്ടുള്ളത്.

(സി) 2001–02 വർഷം 20.75 ലക്ഷം മുട്ടയാണ് മൃഗസംരക്ഷണവകുപ്പിന്റെ കോഴിവളർത്തൽ കേന്ദ്രത്തിൽ ഉൽപാദിപ്പിച്ചത്. ഇത് സംസ്ഥാനത്ത് ആവശ്യമായ മുട്ടയുടെ 0.04% ആണ്

(ഡി) മുട്ടയുൽപ്പാദനം വർദ്ധിപ്പിക്കുവാൻ താഴെപ്പറയുന്ന നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു.

1. മൃഗസംരക്ഷണവകുപ്പിന്റെ കീഴിലുള്ള കോഴിവളർത്തൽ ഫാമുകളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തി ഉൽപ്പാദനശേഷി കൂടിയ നല്ലയിനം കോഴിക്കുഞ്ഞുങ്ങളെ ഉൽപ്പാദിപ്പിച്ച് കർഷകർക്ക് വിതരണം ചെയ്യുന്നതാണ്.
2. കോഴിരോഗങ്ങൾക്കുള്ള ചികിൽസ, രോഗ പ്രതിരോധ നടപടികൾ എന്നിവ കർഷകർക്ക് മൃഗാശുപത്രികൾ വഴി സൗജന്യമായി ലഭ്യമാക്കുന്നതിനുള്ള സംവിധാനം ശക്തിപ്പെടുത്തുന്നതാണ്.
3. കോഴി വളർത്തലിന്റെ ശാസ്ത്രീയ വശങ്ങൾ കർഷകർക്ക് മനസ്സിലാക്കിക്കൊടുക്കുന്നതിനുള്ള പരിശീലന പരിപാടികൾ മൃഗസംരക്ഷണ വകുപ്പിന്റെ പരിശീലന കേന്ദ്രങ്ങൾ വഴി സൗജന്യമായി സംഘടിപ്പിച്ചു വരുന്നുണ്ട്.
4. എഗ്ഗർ നഴ്സറികൾ ആരംഭിച്ച് അവയിൽ കുടി കോഴികുഞ്ഞുങ്ങളെ വളർത്തി കർഷകർക്ക് വിതരണം നടത്തുവാനുള്ള പദ്ധതിയും നിലവിലുണ്ട്.

(ഇ) മൃഗ സംരക്ഷണവകുപ്പിന്റെ കോഴിവളർത്തൽ കേന്ദ്രങ്ങളിൽ ഉൽപാദിപ്പിക്കുന്ന നല്ലയിനം കോഴിക്കുഞ്ഞുങ്ങളെ എഗ്ഗർ നഴ്സറികളിൽ 2 മാസം വരെ വളർത്തി വീട്ടുവളപ്പിലെ കോഴി വളർത്തൽ പദ്ധതി പ്രകാരം എല്ലാ ഗ്രാമപഞ്ചായത്തുകളിലും വനിതാ സ്വാശ്രയ സംഘങ്ങൾ വഴി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. ഇതു കൂടാതെ കേരള സംസ്ഥാന പൗൾട്രി ഡെവലപ്പ്മെന്റ് കോർപ്പറേഷൻ നടപ്പിലാക്കുന്ന വീട്ടുവളപ്പിലെ മുട്ടക്കോഴി വളർത്തൽ പദ്ധതിയിൻ കീഴിൽ 30–45 ദിവസം പ്രായമുള്ള മുട്ടക്കോഴികൾക്കു പുറമെ തീറ്റയും നൽകി കോഴിവളർത്തൽ അഭിവൃദ്ധിപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

## <u>നാണ്യവിളകളുടെ ഉൽപ്പാദനം വർദ്ധിപ്പിക്കുവാൻ നടപടി</u>

534. ശ്രീ. എ. സി. ഷൺമുഖദാസ് :
ശ്രീ. കെ. പി. മോഹനൻ :
ശ്രീ. സി. കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ പ്രധാനമായി കൃഷിചെയ്യുന്ന സുഗന്ധ വ്യഞ്ജനങ്ങൾ ഏതൊക്കെയാണ് എന്ന് വെളിപ്പെടുത്താമോ;

(ബി) കുരുമുളക്, ഏലം, ഇഞ്ചി, മഞ്ഞൾ തുടങ്ങിയവ ഓരോന്നും എത്ര ഹെക്ടറിൽ കൃഷി ചെയ്യുന്നു എന്ന് വ്യക്തമാക്കുമോ;

(സി) മറ്റു സംസ്ഥാനങ്ങളെക്കാളും കേരളത്തിൽ കൂടുതൽ വളരുന്ന ഈ നാണ്യ വിളകളുടെ ഉൾപ്പാദനം വർദ്ധിപ്പിക്കുന്നതിനും അവ ഉപയോഗിച്ച് വിവിധ ഉൽപ്പന്നങ്ങൾ

ഉണ്ടാക്കി തൊഴിൽ സാദ്ധ്യതകൾ ഇന്നുള്ളതിനേക്കാളും കടുതൽ ഉണ്ടാക്കുന്നതിനും സഹായകരായ പഠനങ്ങൾ നടത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

**ഉത്തരം**

**ശ്രീമതി കെ. ആർ. ഗൗരിയമ്മ (കൃഷിയും കയറും വകുപ്പുമന്ത്രി):-**

(എ) കുരുമുളക്, ഇഞ്ചി, മഞ്ഞൾ, ഏലം, ഗ്രാപ്പൂ ജാതി എന്നിവയാണ് കേരളത്തിൽ പ്രധാനമായി കൃഷി ചെയ്യുന്ന സുഗന്ധ വിളകൾ

(ബി)

| വിള | വിസ്തീർണ്ണം(ഹെക്ടറിൽ) |
|---|---|
| കുരുമുളക് | 202133 |
| ഇഞ്ചി | 11612 |
| ഏലം | 41288 |
| മഞ്ഞൾ | 4127 |

(സി) കേരള സർവ്വകലാശാല, ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പൈസസ് റിസർച്ച്, തിരുവനന്തപുരം റീജിയണൽ റിസർച്ച് സെന്റർ എന്നിവ ഇതു സംബന്ധിച്ച പഠനങ്ങളും ഗവേഷണവും നടത്തുന്നുണ്ട്. കുരുമുളകിൽ നിന്നും എസൻഷ്യൽ ഓയിലും ഒലിയോ റെസിനും വേർതിരിക്കുവാനുള്ള സാങ്കേതിക വിദ്യ റീജിയണൽ റിസർച്ച് ലാബോറട്ടറി വികസിപ്പിച്ചെടുത്തിട്ടുണ്ട്. കൂടാതെ രോഗവിമുക്തവും അത്യുല്പാദന ശേഷിയുമുള്ളതുമായ വിത്തിനങ്ങൾ ജൈവസാങ്കേതിക വിദ്യയിലൂടെയും ടിഷ്യുകൾച്ചർ മുഖേനയും വികസിപ്പിച്ചെടുക്കുവാനുള്ള പ്രവർത്തനങ്ങളും നടന്നുവരുന്നുണ്ട്.

## വ്യാജ മദ്യത്തിന്റെ ഒഴുക്ക് തടയുന്നതിനുള്ള സംവിധാനം

535. ശ്രീ. മാമ്മൻ മത്തായി :
ശ്രീ. ജോസഫ് എം. പുതുശ്ശേരി :
ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീ. സ്റ്റീഫൻ ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വരുന്ന ഓണക്കാലത്ത് സംസ്ഥാനത്ത് വ്യാപകമായി വ്യാജ മദ്യം അന്യസംസ്ഥാനങ്ങളിൽ നിന്നും കടത്തിക്കൊണ്ടുവരുന്നതിന് സാദ്ധ്യത ഉണ്ടെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് തടയുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(സി) വ്യാജമദ്യത്തിന്റെ ഒഴുക്ക് തടയുന്നതിന് സംസ്ഥാനത്തെ വിവിധ ചെക്ക് പോസ്റ്റുകളിലും മറ്റും സ്ക്വാഡ് സംവിധാനം മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

**ഉത്തരം**

**ശ്രീ. കെ. ശങ്കരനാരായണൻ (ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി):-**

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇത് തടയുന്നതിനായി പോലീസ് വകുപ്പും എക്സൈസ് വകുപ്പും ശക്തമായ റെയിഡുകൾ നടത്തുന്നുണ്ട്. കർശനമായ വാഹന പരിശോധന ഏർപ്പെടുത്തിയിട്ടുണ്ട്. ചെക്ക്പോസ്റ്റുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമായിട്ടുണ്ട്. കൂടാതെ എക്സൈസ്, പോലീസ്, റവന്യു എന്നീ വകുപ്പുകളുടെ ഉദ്യോഗസ്ഥൻമാരെ ഉൾപ്പെടുത്തി സ്പെഷ്യൽ സ്ക്വാഡുകൾ ഉണ്ടാക്കി സ്പിരിറ്റ്, വ്യാജമദ്യം എന്നിവയുടെ കള്ളക്കടത്തിനും വില്പനയ്ക്കും എതിരെ ശക്തമായി നടപടി സ്വീകരിക്കുന്നുണ്ട്.

## ട്രഷറി പബ്ലിക് അക്കൗണ്ട് മരവിപ്പിച്ചത് ഒഴിവാക്കാൻ നടപടി

536. ശ്രീ. കെ. വി. കുഞ്ഞിരാമൻ :
ശ്രീ. ടി. കെ. ബാലൻ :
ശ്രീ. എ. കെ. ബാലൻ :
ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രഷറി പബ്ളിക് അക്കൗണ്ട് സർക്കാർ മരവിപ്പിച്ചിട്ടുണ്ടോ;

(ബി) കൃഷി, ഗ്രാമവികസനം, പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം മുതലായ വികസന മേഖലകൾ ഇതുമൂലം സ്തംഭിച്ച വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) അക്കൗണ്ടന്റ് ജനറലിന്റെ പരിശോധനയിൽ ഇത്തരം അക്കൗണ്ടിൽ ചെലവഴിക്കപ്പെടാതെ കിടന്ന സംഖ്യ എത്രയാണെന്ന് കണ്ടെത്തിയിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ വിശദ വിവരം വെളിപ്പെടുത്തുമോ;

(ഇ) ഗുജറാത്ത് ഭൂകമ്പ ദുരിതാശ്വാസത്തിന് പിരിച്ചെടുത്ത തുക ഈ മരവിപ്പിക്കലിന്റെ ഭാഗമായി മാറാൻ കഴിയാതെ വന്നിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

**ഉത്തരം**

**ശ്രീ. കെ. ശങ്കരനാരായണൻ (ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി):-**

(എ) സർക്കാരിന്റെ ഇപ്പോഴത്തെ സാംപത്തിക ബുദ്ധിമുട്ടു കാരണവും അക്കൗണ്ടന്റ് ജനറലിന്റെ ശുപാർശ പ്രകാരവും സർക്കാർ സ്ഥാപനങ്ങളുടെ ടി.പി. അക്കൗണ്ടുകൾ 5-1-2002 മുതൽ മരവിപ്പിച്ചിരിക്കുകയാണ്. എന്നാൽ ഏറ്റവും അത്യാവശ്യമായി വരുന്ന കേസ്സുകളിൽ ടി. പി. അക്കൗണ്ടു മുഖേനയുള്ള ഇടപാടുകൾ നടത്തുന്നതിന് പ്രത്യേകാനുമതി ധനകാര്യ വകുപ്പിൽ നിന്നും നൽകുന്നുണ്ട്.

(ബി) കേന്ദ്ര സഹായത്തോടുകൂടി നടപ്പിലാക്കുന്ന പദ്ധതികൾ മറ്റു വികസന പ്രവർത്തനങ്ങൾ മുതലായവയ്ക്കുള്ള തുക നിക്ഷേപിച്ചിട്ടുള്ള ടി.പി. അക്കൗണ്ടിൽ നിന്നും തുക നൽകുന്നതിനുള്ള ചില ചെക്കുകൾ മാറാൻ കഴിയാത്ത സാഹചര്യം ബന്ധപ്പെട്ട വകുപ്പുമേധാവികൾ റിപ്പോർട്ട് ചെയ്യുകയും ടി ചെക്കുകൾ മാറുന്നതിന് പ്രത്യേകാനുമതി നൽകിയിട്ടുണ്ട്.

(സി) അക്കൗണ്ടൻറ് ജനറലിന്റെ കണക്കു പ്രകാരമുള്ള തുകയെ സംബന്ധിക്കുന്ന വിവരങ്ങൾ ലഭ്യമല്ല. വിവരം ശേഖരിച്ചു വരുന്നു.

(ഡി) വിവരം ശേഖരിച്ചു വരുന്നു.

(ഇ) ഗുജറാത്ത് ദുരിതാശ്വാസ നിധിയിലുള്ള തുക ടി.പി. അക്കൗണ്ടുകൾ മരവിപ്പിച്ചിരിക്കുന്നതിനാൽ ചെലവാക്കാൻ സാധിക്കുന്നില്ല എന്ന് അക്കൗണ്ടന്റ് ജനറൽ റിപ്പോർട്ട് ചെയ്യുകയുണ്ടായി. എന്നാൽ 2002 ഫെബ്രുവരി മാസത്തിൽ ബന്ധപ്പെട്ട ടി.പി. അക്കൗണ്ടിൽ നിന്നും മൂന്നു കോടി രൂപ നൽകുന്നതിന് പ്രത്യേകാനുമതി ധനകാര്യ വകുപ്പിൽ നിന്നും നൽകിയിരുന്നു. ഈ തുക ചെലവാക്കിയതിനെ സംബന്ധിച്ചുള്ള സാക്ഷിപത്ര (യൂട്ടിലൈസേഷൻ സർട്ടിഫിക്കേറ്റ്) മോ ഈ തുക വിനിയോഗിച്ചു നടത്തുന്ന വികസന പ്രവർത്തനങ്ങളുടെ പുരോഗതിയെ സംബന്ധിച്ച റിപ്പോർട്ടോ ലഭിക്കാത്ത സാഹചര്യത്തിലാണ് കൂടുതൽ തുക അനുവദിക്കാൻ സാധിക്കാതിരിക്കുന്നത്. റിപ്പോർട്ടുകൾ ലഭ്യമാക്കുന്നതിന് ഗുജറാത്ത് സർക്കാരിനോട് ആവശ്യപ്പെട്ടിരിക്കുകയാണ്.

## കൊപ്രാ ഡ്രൈഡറുകൾ സ്ഥാപിക്കാനുള്ള പരിപാടി

537. ശ്രീ. ടി.എൻ. പ്രതാപൻ:

ശ്രീ. പി.ജെ. ജോയി:

ശ്രീ. എ. സുജനപാൽ:

ശ്രീ. പി.ടി. തോമസ്:

ശ്രീ. അടൂർ പ്രകാശ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) ഗവൺമെന്റ് ആഭിമുഖ്യത്തിൽ കൊപ്രാ ഡ്രൈഡറുകൾ സ്ഥാപിക്കാൻ ഉദ്ദേശ്യമുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്രയെണ്ണം; എവിടെയെല്ലാമാണ് ഇവ സ്ഥാപിക്കുന്നത്; ഇതിനുവേണ്ടി ഈ വർഷം എന്തു തുക ചെലവഴിക്കാൻ ഉദ്ദേശിക്കുന്നു എന്ന് വെളിപ്പെടുത്താമോ?

**ഉത്തരം**

**ശ്രീമതി. കെ.ആർ. ഗൗരിയമ്മ (കൃഷിയും കയറും വകുപ്പു മന്ത്രി):-**

(എ) തെരെഞ്ഞെടുക്കപ്പെട്ട സർവ്വീസ് സഹകരണ സംഘങ്ങൾ സൊസൈറ്റികൾക്ക് കൊപ്ര ഡ്രൈഡറുകൾ സ്ഥാപിക്കാൻ 5 ലക്ഷം രൂപയിൽ കവിയാത്ത തുക സീഡ് മണിയായി നൽകാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

(ബി) 14 ജില്ലകളിലായി 220 ഡ്രൈഡറുകൾ സ്ഥാപിക്കാനാണ് നടപടി സ്വീകരിച്ചിട്ടുള്ളത്. ഇതിലേയ്ക്ക് സ്പെഷ്യൽ പാക്കേജിൽ നീക്കി വച്ചിട്ടുള്ള 11 കോടി രൂപയും ചെലവഴിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്.

## മയക്കുമരുന്നിന്റെയും കറുപ്പിന്റെയും കള്ളക്കടത്തും വിൽപ്പനയും തടയാൻ നടപടി

538. ശ്രീ. തോമസ് ഐസക്:
ശ്രീ. പിരപ്പൻകോട് മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്ത് മയക്കുമരുന്നിന്റെയും കറുപ്പിന്റെയും വ്യാപകമായ കള്ളക്കടത്തും വിൽപ്പനയും നടക്കുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അത് കർശനമായി നിയന്ത്രിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏതെല്ലാം സംഭവങ്ങളിൽ മൊത്തം എന്തു തുകയുടെ മയക്കുമരുന്നും കറുപ്പും പിടിച്ചെടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) ഇത് സംബന്ധിച്ച് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്?

**ഉത്തരം**

**ശ്രീ. കെ. ശങ്കരനാരായണൻ (ധനകാര്യവും എക്സൈസും വകുപ്പു മന്ത്രി):-**

(എ) സംസ്ഥാനത്ത് മയക്കുമരുന്നിന്റെയും കറുപ്പിന്റെയും കള്ളക്കടത്തും വിൽപ്പനയും വ്യാപകമായല്ലെങ്കിലും നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) എക്സൈസ് വകുപ്പിന്റെ കീഴിൽ ആന്റി നാർകോട്ടിക് സ്പെഷ്യൽ സ്ക്വാഡുകൾ ഓരോ ജില്ലയിലും എക്സൈസ് സർക്കിൾ ഇൻസ്പെക്ടറുടെ കീഴിൽ ഫലപ്രദമായി പ്രവർത്തിച്ചു വരുന്നു. കൂടാതെ പോലീസ് വകുപ്പ് പ്രത്യേക സ്ക്വാഡുകൾ രൂപീകരിച്ച് രഹസ്യാന്വേഷണം നടത്തിയും റെയ്ഡുകൾ നടത്തിയും കുററക്കാർക്കെതിരെ നിയമനടപടികൾ സ്വീകരിച്ചു വരുന്നു.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എക്സൈസ് വകുപ്പ് വിവിധ കഞ്ചാവു വേട്ടകളിൽ 211.43 കോടി രൂപയുടെ കഞ്ചാവു നശിപ്പിച്ചിട്ടുണ്ട്. കൂടാതെ 453238 രൂപയോളം വിലവരുന്ന 414.266 കിലോഗ്രാം ഉണക്കക്കഞ്ചാവും 13400 രൂപയോളം വിലവരുന്ന 134 ആംപ്യൂൾ റ്റെടിജെസിക്കും 24000 രൂപയോളം വിലവരുന്ന 24 ആംപ്യൂൾ ഡയസോഫാമും 17000 രൂപയോളം വിലവരുന്ന 16.360 ഗ്രാം ബ്രൗൺ ഷുഗറും പിടിച്ചെടുത്തിട്ടുണ്ട്.

പോലീസ് വകുപ്പ് വിവിധ സംഭവങ്ങളിലായി 22,38,967 രൂപയുടെ മയക്കുമരുന്നുകളും കറുപ്പും പിടിച്ചെടുത്തിട്ടുണ്ട്.

(ഡി) ഇത് സംബന്ധിച്ച് എക്സൈസ് വകുപ്പ് 53 കേസുകളും പോലീസ് വകുപ്പ് 479 കേസുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്.

## വനനിയമങ്ങളെ ക്രോഡീകരിച്ച്കൊണ്ട് പുതിയ നിയമം കൊണ്ടുവരാൻ നടപടി

539. ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ:
ശ്രീ. കെ.കെ. ജയചന്ദ്രൻ:
ശ്രീ. പി.സി. ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) നിലവിലുള്ള വന നിയമങ്ങൾ വന സംരക്ഷണത്തിന് പര്യാപ്തമാണെന്ന് സർക്കാർ കരുതുന്നുണ്ടോ;

(ബി) ഇല്ലെങ്കിൽ വന നിയമങ്ങളെ ക്രോഡീകരിച്ചുകൊണ്ട് പുതിയ നിയമം കൊണ്ടുവരാൻ സർക്കാർ തയ്യാറാകുമോ;

(സി) നിലവിലുള്ള വന നിയമങ്ങളിലെ പഴുത് ഉപയോഗിച്ച് കൊണ്ടാണ് സംസ്ഥാനത്ത് വനം കൈയ്യേറ്റങ്ങൾ നടക്കുന്നതെന്നുള്ള വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) 1980-ൽ കേന്ദ്രം പാസ്സാക്കിയ വനനിയമം വനസംരക്ഷണത്തിന് പര്യാപ്തമാണ് എന്ന് സർക്കാർ കരുതുന്നുണ്ടോ?

**ഉത്തരം**

**ശ്രീ. കെ. സുധാകരൻ (വനവും സ്പോർട്ട്സും വകുപ്പു മന്ത്രി):-**

(എ) പൂർണമായും പര്യാപ്തമല്ല.

(ബി)വനനിയമത്തിൽ ഭേദഗതി വരുത്തുന്നകാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്

(സി) ഉണ്ട്.
(ഡി) ഒരു പരിധിവരെ പര്യാപ്തമാണ്.

## പച്ചക്കറി കൃഷി മെച്ചപ്പെടുത്തുവാൻ നടപടി

540. ശ്രീ. കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) പച്ചക്കറി കൃഷി മെച്ചപ്പെടുത്തുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) ഹോർട്ടികൾച്ചർ കോർപ്പറേഷൻ നേരിട്ട് 2001–2002 വർഷത്തിൽ പച്ചക്കറി കൃഷിക്ക് എന്തു തുക വിതരണം ചെയ്തിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) അന്യ സംസ്ഥാനങ്ങളിൽനിന്നും പച്ചക്കറി ഇറക്കുമതി പരമാവധി ഒഴിവാക്കിക്കൊണ്ട് സ്വയംപര്യാപ്തത കൈവരിക്കുവാൻ നടപടികൾ സ്വീകരിക്കുമോ?

**ഉത്തരം**

**ശ്രീമതി. കെ.ആർ. ഗൗരിയമ്മ (കൃഷിയും കയറും വകുപ്പു മന്ത്രി):–**

(എ) 2001–2002 വർഷത്തിൽ 381 ലക്ഷംരൂപ പച്ചക്കറി കൃഷി വികസനത്തിനായി ചെലവഴിക്കുകയുണ്ടായി. 862 ഹരിത സംഘങ്ങളിലൂടെയും 983 സ്ക്കൂളുകളിലൂടെയും പച്ചക്കറികൃഷി നടപ്പിലാക്കുകയുണ്ടായി. പച്ചക്കറികൃഷിക്ക് ജലസേചനം നൽകുന്നതിനായി 23 കിണറുകൾ കുഴിക്കുന്നതിനും 42 പംപ് സെറ്റുകൾക്കും 27 സ്പ്രെയറുകൾക്കും സഹായം നൽകുകയുണ്ടായി. കൂടാതെ 10 രൂപ വിലയുള്ള 5 ഇനം പച്ചക്കറി വിത്തുകൾ 1200 എണ്ണം വീതം തിരുവനന്തപുരം, കൊല്ലം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട് എന്നിവിടങ്ങളിലെ റസിഡന്റ്സ് അസോസിയേഷനുകളിലും, 1500 വിത്തുകിററുകൾ ഗ്രീൻസ് എന്ന സംഘടനയ്ക്കും നൽകി പച്ചകൃഷി നടപ്പിലാക്കുകയുണ്ടായി. ഇവകൂടാതെ എച്ച്.ഡി.പി. വഴി കർഷകരെ സ്വാശ്രയ സംഘങ്ങളിലൂടെ സംഘടിപ്പിച്ച് പരിശീലനം നൽകി അവരുടെ തൊഴിൽ ലാഭകരമായി നടത്തുവാൻ പ്രാപ്തരാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു.

(ബി) ഹോർട്ടികൾച്ചർ കോർപ്പറേഷൻ പച്ചക്കറി കൃഷിക്ക് തുക വിതരണം ചെയ്യുന്നില്ല. കൃഷിവകുപ്പും വി.എഫ്.പി.സി.കെയുമാണ് കർഷകർക്ക് ആവശ്യമായ സാമ്പത്തിക സഹായം ചെയ്യുന്നത്. ഹോർട്ടിക്കൾച്ചർ കോർപ്പറേഷൻ സംസ്ഥാനത്ത് ലഭ്യമായ പച്ചക്കറികൾ കർഷകരിൽനിന്നും കർഷക വിപണികളിൽ നിന്നും സംഭരിച്ച് ഹരിതാസ്റ്റാളുകളിലൂടെ വിപണനം ചെയ്തു വരുന്നു.

(സി) സ്വയം പര്യാപ്തത ലക്ഷ്യമാക്കിയാണ് വിവിധ പദ്ധതികൾ നടപ്പിലാക്കുന്നത്

## നികുതി അടയ്ക്കാത്ത സ്വർണ്ണവ്യാപാരികളെ ശിക്ഷിക്കുന്നതിനും നികുതി ഈടാക്കുന്നതിനും നടപടി

541. ശ്രീ. കെ. നാരായണക്കുറുപ്പ്:
ശ്രീ. തോമസ് ചാഴികാടൻ:
ശ്രീ. റോഷി അഗസ്ററിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) കേരളത്തിൽ സ്വർണ്ണവ്യാപാര മേഖലയിൽനിന്നും നികുതി ഇനത്തിൽ എത്ര രൂപ പ്രതിവർഷം സർക്കാരിന് ലഭിക്കുന്നുണ്ട് എന്നറിയിക്കാമോ;

(ബി) യഥാർത്ഥത്തിൽ ലഭിക്കേണ്ട നികുതി പിരിവിൽ പളരെ കുറച്ച് തുക മാത്രമേ ലഭിക്കുന്നുള്ളുവെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സ്വർണ്ണ വ്യാപാരരംഗത്ത് സമാന്തര വിപണി സൃഷ്ടിച്ച് നികുതി കൊടുക്കാതെയുള്ള വ്യാപാരം നടക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇത്തരം വ്യാപാരികളെ ശിക്ഷിക്കുന്നതിനും നികുതി ഈടാക്കുന്നതിനും നടപടി സ്വീകരിക്കുമോ;

(ഇ) ഉയർന്ന നിരക്കിലുള്ള വിൽപ്പന നികുതി കുറച്ച് നികുതി സമാഹരണം വർദ്ധിപ്പിക്കുവാൻ സർക്കാരിന് ഉദ്ദേശ്യമുണ്ടോയെന്ന് വെളിപ്പെടുത്തുമോ?

**ഉത്തരം**

**ശ്രീ. കെ. ശങ്കരനാരായണൻ (ധനകാര്യവും എക്സൈസും വകുപ്പു മന്ത്രി):–**

(എ) 2001–2002 സാംപത്തിക വർഷത്തിൽ സ്വർണ്ണ വ്യാപാര മേഖലയൽനിന്നും 36.41 കോടി രൂപ ലഭിച്ചു.

(ബി) ഉണ്ട്.
(സി) ഉണ്ട്.
(ഡി) നികുതി വെട്ടിപ്പ് നടത്തുന്ന വ്യാപാരികളുടെ മേൽ വിൽപ്പന നികുതി നിയമ പ്രകാരമുള്ള നിയമ നടപടികൾ സ്വീകരിക്കുന്നുണ്ട്. കൂടാതെ സമാന്തര വിപണികളുടെയും കടക്കാരുടേയും വിവരം കിട്ടുന്ന സ്ഥലങ്ങൾ പരിശോധന നടത്തുകയും നിയമനടപടികൾ സ്വീകരിക്കുകയും ചെയ്തു വരുന്നു.
(ഇ) ഇത്തരം നിർദ്ദേശങ്ങളൊന്നും ഇപ്പോൾ പരിഗണനയിലില്ല.

## തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുള്ള തുക

542. ശ്രീ. ടി.കെ. ദേവകുമാർ:
ഡോക്ടർ തോമസ് ഐസക് :
ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ:
ശ്രീ. വി. ചെന്താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സാമ്പത്തികാധികാരങ്ങൾ കൈമാറുന്നതിന് എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;
(ബി) 2001-2002, 2002-2003 എന്നീ സാമ്പത്തികവർഷം പദ്ധതി അടങ്കലിന്റെ എത്രശതമാനം തുകയാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുള്ളത്;
(സി) ഇതിൽ ഉൽപ്പാദന പശ്ചാത്തല സൗകര്യമേഖലയ്ക്ക് എന്തു തുകവീതം നൽകി;
(ഡി) പ്രസ്തുത തുക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയതെന്നാണ് എന്ന് വ്യക്തമാക്കുമോ?

**ഉത്തരം**

**ശ്രീ. കെ. ശങ്കരനാരായണൻ (ധനകാര്യവും എക്സൈസും വകുപ്പു മന്ത്രി):-**

(എ) ഒൻപതാം പദ്ധതിയുടെ ഭാഗമായി അധികാര വികേന്ദ്രീകൃതാസൂത്രണം കൂടുതൽ മെച്ചപ്പെടുത്തുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൂടുതൽ പണവും അധികാരവും നൽകാൻ തീരുമാനിക്കുകയുണ്ടായി. അതിന്റെ ഭാഗമായി ജനങ്ങളുടെ സമ്പൂർണ്ണ പങ്കളിത്തത്തോടെ അധികാര വികേന്ദ്രീകരണ പ്രക്രിയ നടപ്പിലാക്കുന്നതിന് നൂതനമായ ജനകീയാസൂത്രണ പ്രസ്ഥാനം രൂപവൽക്കരിക്കുകയും 30-7-96-ലെ ജി.ഒ.(എം.എസ്)നം.10/96/പ്ലാനിംഗ് പ്രകാരം വാർഷിക പദ്ധതിയുടെ 35 മുതൽ 40 ശതമാനം വരുന്ന തുക പഞ്ചായത്തുകൾ സ്വന്തമായി തയ്യാറാക്കുന്ന പദ്ധതികൾക്കായി ചെലവഴിക്കുന്നതിന് അനുവാദം നൽകുകയും ചെയ്തു. തുടർന്ന് പഞ്ചായത്തുകൾക്കുള്ള ബഡ്ജറ്റ് വിഹിതം കൈമാറുന്നതിനുള്ള വിശദമായ നടപടി ക്രമം 6-8-97ലെ ജി.ഒ.(പി)676/97/ധന.എന്ന ഉത്തരവിൽ പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്.
(ബി) 2001-2002 സാമ്പത്തിക മേഖലയ്ക്ക് പദ്ധതി അടങ്കിലിന്റെ 28.2% തുക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുണ്ട്. 2002-2003 വർഷം പദ്ധതി തുക ഇതേവരെ കൈമാറിയിട്ടില്ല.
(സി) ഇതിൽ ഇൽപാദന മേഖലയ്ക്ക് 40 ശതമാനത്തിൽ കുറയാത്ത തുകയും പശ്ചത്തലസൗകര്യ മേഖലയ്ക്ക് 30 ശതമാനത്തിൽ കവിയാത്ത തുകയും ആണ് ചെലവ് ചെയ്യാൻ അനുവദിച്ചിട്ടുള്ളത്.
(ഡി) 25-8-2001ലെ ജി.ഒ.(ആർ.റ്റി)നം.2744/01 ത.ഭ.വ.നമ്പർ ഉത്തരവ് പ്രകാരം ഒന്നാം ഗഡു തുകയും 14-12-2001ലെ 3833/01/എൽ.എസ്.ജി.ഡി എന്ന നമ്പർ ഉത്തരവ് പ്രകാരം രണ്ടാം ഗഡു തുകയും 6-2-02ലെ ജി.ഒ.(ആർ.റ്റി)നം.500/02/എൽ.എസ്.ജി.ഡി. എന്ന നമ്പർ ഉത്തരവ് പ്രകാരം മൂന്നാം ഗഡു തുകയും തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുണ്ട്.

## യന്ത്രവൽകൃത ചകിരിമില്ലുകൾക്ക് വൈദ്യുതിചാർജിൽ സബ്സിഡി

543. ശ്രീ. സി. മോയിൻകുട്ടി:
ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ:
ശ്രീ. പി.കെ. അബ്ദുറബ്ബ്:
ശ്രീ. സി.ടി.അഹമ്മദ് അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) എൻ.സി.ഡി.സി ധനസഹായത്തോടെ സംസ്ഥാനത്തിന്റെ വടക്കൻ ജില്ലകളിൽ ആരംഭിച്ചിരുന്ന യന്ത്രവൽകൃത ചകിരിമില്ലുകൾ എല്ലാം ഇപ്പോഴും പ്രവർത്തിക്കുന്നുണ്ടോ;

(ബി) ഇല്ലെങ്കിൽ എത്ര മില്ലുകൾ പ്രവർത്തന രഹിതമായി കഴിയുന്നുണ്ട്;

(സി) ഭീമമായ വൈദ്യുതിചാർജ് അടയ്ക്കാൻ കഴിയാതെയാണ് പ്രസ്തുത മില്ലുകൾ പലതും പൂട്ടിയിട്ടുള്ളതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇത്തരം മില്ലുകൾക്ക് വൈദ്യുതിചാർജിൽ സബ്സിഡി നൽകി പുനരുദ്ധരിക്കാൻ നടപടി സ്വീകരിക്കുമോ?

**ഉത്തരം**

**ശ്രീമതി കെ.ആർ. ഗൗരിയമ്മ (കൃഷിയും കയറും വകുപ്പു മന്ത്രി):-**

(എ) യും (ബി)യും

എൻ.സി.ഡി.സി.യുടെ ധനസഹായത്തോടെ സംസ്ഥാനത്ത് 58 യന്ത്രവൽകൃത ചകിരി മില്ലുകൾ സ്ഥാപിക്കുവാൻ ധനസഹായം നൽകുകയും അതിൽ 34 എണ്ണം വ്യാവസായിക അടിസ്ഥാനത്തിലുള്ള ഉൽപാദനം തുടങ്ങുകയും ചെയ്തു. എന്നാൽ ഇവയിൽ 11 ചകിരി മില്ലുകൾ വിവിധ കാരണങ്ങളാൽ പ്രവർത്തനരഹിതമായി കിടക്കുന്നുണ്ട്.

(സി) ചകിരി മില്ലുകൾ പലതും അടഞ്ഞു കിടക്കുന്നത് വൈദ്യുതി ചാർജ് അടയ്ക്കാൻ കഴിയാത്തുകൊണ്ടും, അസംസ്കൃത വസ്തുവായ പച്ചത്തൊണ്ട് ന്യായവിലയ്ക്ക് ലഭ്യമല്ലാത്തതിനാലും യന്ത്രത്തകരാറ് കൊണ്ടുമാണ്.

(ഡി) വ്യാവസായിക അടിസ്ഥാനത്തിൽ പ്രവർത്തനം തുടങ്ങിയ ചകിരിമില്ലുകൾക്ക് 2000–2001 സാംപത്തിക വർഷം മുതൽ പ്രസ്തുത മില്ലുകൾ ഉൽപാദനത്തിനുവേണ്ടി ഉപയോഗിക്കുന്ന വൈദ്യുതി ചാർജ്ജിന്റെ 50% തുക ജി.ഒ.(എം.എസ്)120/2000/വ്യവ. തീയതി 1810.2000 പ്രകാരം സബ്സിഡി ഇനത്തിൽ സംഘങ്ങൾക്ക് നൽകിവരുന്നുണ്ട്.

## പുതിയ സബ്ട്രഷറികൾ

544. ശ്രീ. കുട്ടി അഹമ്മദ് കുട്ടി:
ശ്രി. വി.കെ. ഇബ്രാഹിം കുഞ്ഞ്:
ശ്രീ. സി. മമ്മൂട്ടി:
ശ്രീ. കളത്തിൽ അബ്ദുള്ള:
ശ്രീ. പി.കെ.കെ. ബാവ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്ത് പുതീയ സബ്ട്രഷറികൾ തുറക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എവിടെയെല്ലാമാണ് സബ്ട്രഷറികൾ ആരംഭിക്കാൻ തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) പുതിയ സബ്ട്രഷറികൾ എന്നുമുതൽ പ്രവർത്തനം അരംഭിക്കും എന്ന് വെളിപ്പെടുത്തുമോ?

**ഉത്തരം**

**ശ്രീ. കെ. ശങ്കരനാരായണൻ (ധനകാര്യവും എക്സൈസും വകുപ്പു മന്ത്രി):-**

(എ) ഇപ്പോൾ പരിഗണനയിലില്ല.

(ബി) ഉദിക്കുന്നില്ല.

(സി) ഉദിക്കുന്നില്ല.

## മോട്ടോർ വാഹനങ്ങളുടെ ഇൻഷ്വറൻസ് തുകയിൽ വരുത്തിയ വർദ്ധനവ് പിൻവലിക്കുവാൻ നടപടി

545. ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മോട്ടോർവാഹനങ്ങളുടെ ഇൻഷ്വറൻസ് തുകയിൽ ഭീമമായ വർദ്ധനവ് വരുത്താൻ തീരുമാനിച്ചിട്ടുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(സി) ഇൻഷ്വറൻസ് മേഖലയിലെ മത്സരം കുറവായതുകൊണ്ട് കമ്പനികൾ വാഹന ഉടമകളെ ചൂഷണം ചെയ്യുകയാണ് എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇൻഷ്വറൻസ് കമ്പനികളുടെ വരുമാനത്തിൽ ഓരോ വർഷവും വർദ്ധനവ് ഉണ്ടാകുംപോഴും പോളിസി നിരക്കുകൾ യാതൊരു ന്യായീകരണവുമില്ലാതെ വർദ്ധിപ്പിക്കുകയാണ് എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എല്ലാത്തരം വാഹനങ്ങളുടേയും പ്രവർത്തനച്ചെലവ് ക്രമാതീതമായി വർദ്ധിച്ച വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) വാഹന ഇൻഷ്വറൻസ് പ്രീമിയം വർദ്ധനവ് പിൻവലിക്കുവാൻ എന്തു നടപടിയാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ ?

**ഉത്തരം**

**ശ്രീ. കെ. ശങ്കരനാരായണൻ (ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി):-**

(എ) ഉണ്ട്.

(ബി) ഏകദേശം 40% വർദ്ധനവ് വന്നിട്ടുണ്ട്. ഇൻഡ്യൻ ഇൻഷ്വറൻസ് മേഖലയിലെ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്ന ഐ.ആർ.ഡി.എ (ഇൻഷ്വറൻസ് റെഗുലേറ്ററി ഡെവലപ്മെന്റ് അതോറിറ്റി) യുടെ നിയന്ത്രണത്തിൽപ്പെടുന്ന താരീഫ് അഡ്വൈസറി കമ്മിറ്റിയാണ് ഇൻഷ്വറൻസ് നിരക്കുകൾ പുതുക്കി നിശ്ചയിക്കുന്നത്. പ്രസ്തുത നിരക്കുകൾ നടപ്പിലാക്കുവാൻ ഇന്ത്യയിലെ എല്ലാ ഇൻഷ്വറൻസ് സ്ഥാപനങ്ങളും ബാദ്ധ്യസ്ഥരാണ്. 1.7.2002 മുതൽ പുതുക്കിയ നിരക്കുകൾ നിലവിൽ വന്നു.

(സി) ഇല്ല.

(ഡി) ഇല്ല.

(ഇ) ഇല്ല.

(എഫ്) ഇൻഷ്വറൻസ് റെഗുലേറ്ററി അതോറിറ്റിയുടെ നിയന്ത്രണത്തിലുള്ള താരീഫ് അഡ്വൈസറി കമ്മിറ്റിയ്ക്കു മാത്രമേ പ്രീമിയം വർദ്ധനവ് പിൻവലിക്കുവാൻ സാധിക്കുകയുള്ളു.

## ട്രഷറികളിലെ കമ്പ്യൂട്ടർവൽക്കരണം

546. ശ്രീ. ടി.പി.എം. സാഹിർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രഷറികളിലെ കമ്പ്യൂട്ടർവൽക്കരണം പൂർണ്ണമായിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ ഏത് ഘട്ടംവരെയെത്തിയിട്ടുണ്ട് എന്നും ഇത് എന്നത്തേക്ക് പൂർത്തിയാകും എന്നും വ്യക്തമാക്കുമോ ;

(സി) ഇതിനായി ഇക്കൊല്ലം എന്തു ചെലവ് പ്രതീക്ഷിക്കുന്നു എന്ന് വെളിപ്പെടുത്തുമോ?

**ഉത്തരം**

**ശ്രീ. കെ. ശങ്കരനാരായണൻ (ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി):-**

(എ) ഇല്ല.

(ബി) ട്രഷറി വകുപ്പിന്റെ കീഴിലുള്ള 22 ജില്ലാ ട്രഷറികളിൽ മൂന്നെണ്ണത്തിൽ കമ്പ്യൂട്ടർ മുഖാന്തിരമുള്ള ഇടപാടുകൾ നടന്നുതുടങ്ങിയിട്ടുണ്ട്. 4 എണ്ണത്തിൽ കമ്പ്യൂട്ടറുകൾ ഏർപ്പാടാക്കി ട്രയൽറൺ തുടങ്ങിക്കഴിഞ്ഞു. 13 എണ്ണത്തിൽ ആവശ്യമുള്ള കമ്പ്യൂട്ടറുകളും അനുബന്ധ സാമഗ്രികളും വാങ്ങി കമ്പ്യൂട്ടർവഴി ഇടപാടുകൾ നടത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു. ട്രഷറി വകുപ്പിന്റെ കീഴിലുള്ള 164 സബ്ട്രഷറികളിൽ 12 എണ്ണത്തിൽ കമ്പ്യൂട്ടർ വഴിയുള്ള ഇടപാടുകൾ നടത്തിവരുന്നു. 113 സബ്ട്രഷറികളിലേക്ക് കമ്പ്യൂട്ടറുകളും മറ്റു സാമഗ്രികളും വാങ്ങി അവ ഉപയോഗിക്കുന്നതിനുവേണ്ട നടപടികൾ കൈക്കൊണ്ടുവരുന്നു. ട്രഷറികളിലെ കമ്പ്യൂട്ടർവൽക്കരണം ഈ സാമ്പത്തികവർഷം അവസാനത്തോടെ പൂർണ്ണമാക്കാനാണ് ഉദ്ദേശിക്കുന്നത്.

(സി) മുപ്പതുകോടി രൂപയുടെ ചെലവ് പ്രതീക്ഷിക്കുന്നു.

## സാംപത്തികശാസ്ത്രവും സ്ഥിതിവിവരക്കണക്കുകളും വകുപ്പിൽ വിവര സാങ്കേതികവിദ്യ നടപ്പാക്കിയതിന്റെ പുരോഗതി

547. ശ്രീ. കെ.എൻ.എ. ഖാദർ :
ശ്രീ. കളത്തിൽ അബ്ദുള്ള :

ശ്രീ. സി.ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമ്പത്തികശാസ്ത്രവും സ്ഥിതിവിവരക്കണക്കുകളും വകുപ്പിൽ വിവര സാങ്കേതികവിദ്യ നടപ്പിൽ വരുത്തുന്നതിൽ എത്രമാത്രം പുരോഗതി കൈവരിച്ചുവെന്ന് വ്യക്തമാക്കാമോ ;

(ബി) ഇതുമൂലം ഈ വകുപ്പിൽ ജീവനക്കാരുടെ എണ്ണത്തിൽ കുറവുണ്ടാകാൻ സാദ്ധ്യതയുണ്ടോ ;

(സി) എങ്കിൽ ഭരണച്ചെലവ് എത്രമാത്രം കുറയ്ക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

**ശ്രീ.കെ. ശങ്കരനാരായണൻ (ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി):-**

(എ) സാമ്പത്തിക ശാസ്ത്രവും സ്ഥിതിവിവരക്കണക്കുകളും വകുപ്പിൽ വിവര സാങ്കേതിക വിദ്യ നടപ്പിൽ വരുത്തുന്നതിൽ ഭാഗികമായ പുരോഗതി കൈവരിച്ചു. ഈ വകുപ്പിന്റെ കീഴിലുള്ള 14 ജില്ലാ ആഫീസുകളിലും ഡയറക്ടറേറ്റിലും കമ്പ്യൂട്ടർ യൂണിറ്റുകൾ പ്രവർത്തിച്ചുവരുന്നു. ഡയറക്ടറേറ്റും ജില്ലാ ഓഫീസുകളും തമ്മിലുള്ള കമ്പ്യൂട്ടർ ശൃംഖല ഇതുവരെയും നിലവിൽ വന്നിട്ടില്ല. ഈ സാമ്പത്തികവർഷത്തിൽ കമ്പ്യൂട്ടർ ശൃംഖല നിലവിൽ വരുന്നതിനും കമ്പ്യൂട്ടർ സംവിധാനം വിപുലീകരിക്കുന്നതിനും ഉദ്ദേശിക്കുന്നു.

(ബി) സാദ്ധ്യതയില്ല.

(സി) ഉദിക്കുന്നില്ല.

## <u>സ്വർണ്ണ വ്യാപാരത്തിലെ നികുതിവെട്ടിപ്പ് തടയുവാനും നികുതി പിരിവ് ഊർജ്ജിതമാക്കാനും നടപടി</u>

548. ശ്രീമതി മാലേത്ത് സരളാദേവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്ത്യയിൽ ഏറ്റവും അധികം സ്വർണ്ണവ്യാപാരം നടക്കുന്ന സംസ്ഥാനങ്ങളിൽ കേരളത്തിന് എത്രാമത്തെ സ്ഥാനമാണ് ഉള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രതിമാസം എത്രകോടി രൂപയുടെ സ്വർണ്ണ വിൽപ്പന കേരളത്തിൽ നടക്കുന്നുവെന്ന് വ്യക്തമാക്കാമോ ;

(സി) സ്വർണ്ണവില്പ്പനയിൽ എത്രകോടി രൂപ നികുതി ഇനത്തിൽ ലഭിക്കേണ്ടതുണ്ട് എന്ന് വ്യക്തമാക്കാമോ ;

(ഡി) ഈ ഇനത്തിൽ പ്രതിമാസം ഇപ്പോൾ പിരിഞ്ഞുകിട്ടിക്കൊണ്ടിരിക്കുന്ന നികുതി എത്രയാണ്;

(ഇ) ഈ ഇനത്തിലുള്ള വിൽപ്പനനികുതി പിരിവ് സംസ്ഥാനത്ത് കുവാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ കാരണം വ്യക്തമാക്കാമോ;

(എഫ്) നികുതിവെട്ടിപ്പ് തടയുവാനും, നികുതിപിരിവ് കൃത്യമായും ഊർജ്ജിതമായും നടത്തുവാനും എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

**ശ്രീ. കെ. ശങ്കരനാരായണൻ (ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി):-**

(എ) ഇതു സംബന്ധിച്ച വിവരം ലഭ്യമല്ല.

(ബി) കേരളത്തിൽ നടക്കുന്ന സ്വർണ്ണവിൽപ്പനയുടെ കൃത്യമായ കണക്ക് ലഭ്യമല്ല. എന്നാൽ 2001-02 വർഷത്തിൽ സ്വർണ്ണവിൽപ്പനയിൽ നിന്നും വിൽപ്പനനികുതിയിനത്തിൽ 36.41 കോടി രൂപ ലഭിച്ചിട്ടുണ്ട്.

(സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) സ്വർണ്ണവിൽപ്പനയിൽ ഇപ്പോൾ പ്രതിമാസം ശരാശരി 3 കോടിരൂപ പിരിഞ്ഞുകിട്ടിക്കൊണ്ടിരിക്കുന്നു.

(ഇ) സ്വർണ്ണവിൽപ്പനയിൽ നിന്നുള്ള വിൽപ്പനനികുതി പിരിവിൽ കുറവുണ്ടായിട്ടില്ല. സംസ്ഥാനത്തെ മൊത്തത്തിലുള്ള വിൽപ്പനനികുതി പിരിവ് കഴിഞ്ഞ സാമ്പത്തിക വർഷം ഇതേ കാലയളവിലേതിനേക്കാൾ 34% വർദ്ധനവ് കാണിക്കുന്നുണ്ട്.

(എഫ്) നികുതിവെട്ടിപ്പ് തടയുവാനും നികുതിപ്പിരിവ് ഊർജ്ജിതപ്പെടുത്തുന്നതിനും വാണിജ്യനികുതി വകുപ്പ് താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ഇൻവെസ്റ്റിഗേഷൻ ബ്രാഞ്ച് ശക്തിപ്പെടുത്തി, പാർസൽ ഓഫീസുകൾ, ബാങ്കുകൾ തുടങ്ങിയ സ്ഥാപനങ്ങളുടെ റിക്കാർഡുകൾ പരിശോധിച്ച് നികുതി ചോർച്ച തടയുന്നതിനായി വിവരം ശേഖരിക്കുന്നുണ്ട്. നികുതി വെട്ടിപ്പ് സംബന്ധിച്ച് വിശ്വസനീയമായ വിവരം ലഭിച്ചുകഴിഞ്ഞാൽ വിൽപ്പനനികുതി ചട്ടത്തിലെ റൂൾ 26 പ്രകാരം വ്യാപാരസ്ഥാപനങ്ങൾ പരിശോധിച്ച് നികുതിവെട്ടിപ്പ് തടയുന്നു.

ചരക്കുകൾ വാഹനങ്ങൾവഴി കടത്തിക്കൊണ്ടുപോകുമ്പോൾ തടഞ്ഞുനിർത്തി പരിശോധിച്ച് രേഖകൾ ഇല്ലാത്ത സാധനങ്ങൾക്ക് പിഴ ഈടാക്കുന്നു.

റയിൽവേസ്റ്റേഷൻ, വിമാനത്താവളങ്ങൾ തുടങ്ങിയവ കേന്ദ്രീകരിച്ചു നടത്തുന്ന നികുതി തട്ടിപ്പു തടയാൻ പ്രത്യേക പരിശോധന നടത്തുന്നു. നികുതി വെട്ടിപ്പ് കൂടുതലായി ഉണ്ടെന്ന് കാണുന്ന സാധനങ്ങൾക്ക് എൻട്രി ടാക്സ് ഏർപ്പെടുത്തിയിട്ടുണ്ട്.

നികുതി പിരിവ് അവലോകനയോഗങ്ങൾ വിളിച്ചുകൂട്ടി പിരിവ് ഊർജ്ജിതപ്പെടുത്തുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിവരുന്നു.

## ഔഷധ സസ്യകൃഷി

549. ശ്രീ. പിരപ്പൻകോട് മുരളി :
ശ്രീ. പി.സി. ജോർജ് :
ശ്രീമതി ഗിരിജാ സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ ആഭിമുഖ്യത്തിൽ എത്ര ഏക്കർ സ്ഥലത്ത് ഔഷധ സസ്യകൃഷി നടക്കുന്നുണ്ട് ;

(ബി) ആദായകരമായ ഈ കൃഷി നടത്തുന്നതിന് പ്രോത്സാഹനം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(ഡി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഔഷധ സസ്യകൃഷി നടത്താൻ വേണ്ട സഹായം നൽകുമോ ;

(ഇ) ഇക്കാര്യത്തിൽ കൈക്കൊണ്ടിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ ?

**ഉത്തരം**

**ശ്രീമതി കെ.ആർ. ഗൗരിയമ്മ (കൃഷിയും കയറും വകുപ്പുമന്ത്രി):-**

(എ) കൃഷിവകുപ്പിന്റെ ആഭിമുഖ്യത്തിൽ പ്രത്യേകമായി ഔഷധസസ്യ കൃഷി ചെയ്യുന്നില്ല. എന്നാൽ ഔഷധ സസ്യങ്ങളുടെ നടീൽവസ്തുക്കളുടെ ഉൽപ്പാദനത്തിനായി കൃഷിവകുപ്പിന്റെ കീഴിലുള്ള ചില ഫാമുകളിൽ നേരിയ തോതിൽ ഔഷധസസ്യകൃഷി ചെയ്യുന്നുണ്ട്. ഇതിനുപുറമെ കേരളകാർഷിക സർവ്വകലാശാലയുടെ ചില ഫാമുകളിലും, പ്രത്യേകിച്ച് ഓടക്കാലിയിലെ ഫാമിലും ഔഷധസസ്യകൃഷി നടക്കുന്നുണ്ട്.

(ബി)&(സി): ഉണ്ട്. ഈ സാമ്പത്തികവർഷം സംസ്ഥാനത്ത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന മാക്രോമാനേജ്മെന്റ് പദ്ധതിയിൽ ഔഷധസസ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള ഒരു പ്രോജക്ട് കേന്ദ്രസർക്കാരിന്റെ അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. ഈ പ്രോജക്ടിൽ ഔഷധസസ്യകൃഷി വികസനത്തിനായി 5 ലക്ഷം രൂപ താഴെപ്പറയുന്ന ഘടകങ്ങൾക്കായി വകകൊള്ളിച്ചിട്ടുണ്ട്.

1. കർഷകരുടെ കൃഷിയിടങ്ങളിൽ ഔഷധസസ്യങ്ങളുടെ നടീൽ വസ്തുക്കളുടെ ഉൽപ്പാദനവും പ്രദർശന തോട്ടങ്ങളും സ്ഥാപിക്കുക. ഇതുപ്രകാരം .05 ഹെക്ടർ വിസ്തൃതിയുള്ള പ്രദർശന തോട്ടങ്ങൾ സ്ഥാപിക്കുന്നതിന് 1500/- രൂപ നിരക്കിൽ പ്ളോട്ട് ഒന്നിന് ധനസഹായം നൽകുക. ഈ സാമ്പത്തികവർഷം 250 പ്ളോട്ടുകൾ സ്ഥാപിക്കുന്നതിന് 3.75 ലക്ഷം രൂപ ചെലവഴിക്കാൻ ഉദ്ദേശിക്കുന്നു.
2. <u>വിസ്തൃതി വികസനം</u>
   പുതിയ പ്രദേശങ്ങളിൽ ഔഷധസസ്യകൃഷി വികസിപ്പിക്കുന്നതിന് കർഷകർക്ക് കൃഷിച്ചെലവിന്റെ 25% പരമാവധി ഹെക്ടറിന് 12500 രൂപ നിരക്കിൽ ധനസഹായം നൽകുന്നതാണ്. ഈ സാമ്പതതികവർഷം 10 ഹെക്ടർ സ്ഥലത്ത് ഔഷധസസ്യകൃഷി വികസനത്തിനായി 1.25 ലക്ഷം രൂപ ചെലവഴിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

(സി&ഡി): തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ചിട്ടുള്ള വിഹിതം ഉപയോഗിച്ച് ഔഷധസസ്യകൃഷി അവർക്ക് തന്നെ നടത്താവുന്നതാണ്. കൂടാതെ എന്തെങ്കിലും പ്രത്യേക പ്രോജക്ടുകൾ അവർ തയ്യാറാക്കുകയാണെങ്കിൽ കൃഷിവകുപ്പ് ബന്ധപ്പെട്ട ഏജൻസിക്കു ശുപാർശചെയ്യുന്നതാണ്.

## സ്വകാര്യ ചിട്ടി കമ്പനികൾ

550. ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ നിയന്ത്രണത്തിലുള്ള ചിട്ടികൾ നടത്തുവാനുള്ള വ്യവസ്ഥകൾ എന്തെല്ലാമെന്ന് വിശദമാക്കുമോ ;

(ബി) ചിട്ടി വയ്ക്കുന്ന ആളിന്റെ ആസ്തിയും സലയും തമ്മിലുള്ള അനുപാതം നിലവിൽ എത്രയാണെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത അനുപാതത്തിൽ മാറ്റം വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എന്തു മാറ്റമാണെന്ന് വെളിപ്പെടുത്താമോ ;

(ഡി) ചിട്ടിയുമായി ബന്ധപ്പെട്ട കുറ്റകൃത്യങ്ങൾക്ക് ശിക്ഷിക്കപ്പെട്ടവർക്കും കേസ് നിലവിലുള്ളവർക്കും വീണ്ടും ചിട്ടി വയ്ക്കാൻ നിലവിൽ വ്യവസ്ഥ ഉണ്ടോ ;

(ഇ) പ്രസ്തുത വ്യവസ്ഥയിൽ മാറ്റം വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ എന്തു മാറ്റമാണെന്ന് വെളിപ്പെടുത്തുമോ ?

**ഉത്തരം**

**ശ്രീ.കെ. ശങ്കരനാരായണൻ (ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി)-**

(എ) സംസ്ഥാനത്ത് സർക്കാർ നിയന്ത്രണമില്ലാതെ ചിട്ടികൾ നടത്തുവാൻ വ്യവസ്ഥയില്ല.

(ബി) 1949-ലെ ബാങ്കിംഗ് റഗുലേഷൻ ആക്ടിൻ കീഴിൽവരുന്ന ബാങ്കിംഗ് കമ്പനിയാണ് ചിട്ടി നടത്തുന്നതെങ്കിൽ, കമ്പനിയുടെ ആസ്തിയുടെ 60%വും അല്ലാത്തപക്ഷം 50%വും ആണ് ആസ്തിയും സലയും തമ്മിലുള്ള അനുപാതം.

(സി) ഇല്ല.

(ഡി) ചിട്ടിയുമായി ബന്ധപ്പെട്ട കുറ്റകൃത്യങ്ങൾക്ക് ശിക്ഷിക്കപ്പെട്ടവർക്കും കേസ് നിലവിലുള്ളവർ കുറ്റകൃത്യങ്ങളിൽനിന്നും മോചനം കിട്ടി, 5 വർഷം കഴിഞ്ഞാൽ മാത്രമേ വീണ്ടും ചിട്ടി നടത്തുവാൻ അനുവാദം നൽകുകയുള്ളു.

(ഇ) ഇല്ല.

## ശബരിമല തീർത്ഥാടകരുടെ സൗകര്യാർത്ഥം ദേവസ്വംബോർഡ് ആവിഷ്ക്കരിച്ചിട്ടുള്ള പുതിയ പദ്ധതികൾ

551. ശ്രീ. റോഷി അഗസ്റ്റിൻ:
ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. തോമസ് ചാഴികാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല തീർത്ഥാടകരുടെ സൗകര്യാർത്ഥം 2002-2003 സാമ്പത്തികവർഷം എന്തെല്ലാം പുതിയ പദ്ധതികളാണ് ദേവസ്വം ബോർഡ് ആവിഷ്ക്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) അടിസ്ഥാനസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുവേണ്ടി തുടങ്ങിയ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കാൻ കഴിഞ്ഞിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ അടുത്തമണ്ഡലവിളക്കുകാലത്തിനു മുമ്പ് നിർമ്മാണജോലികൾ പൂർത്തിയാക്കുവാൻ കഴിയുമോ എന്നറിയിക്കുമോ ;

(ഡി) ശബരിമലയിൽ സ്പെഷ്യൽ ഡ്യൂട്ടിക്ക് എത്തുന്ന പോലീസുകാർക്ക് ആവശ്യമായ താമസസൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

**ഉത്തരം**

**ശ്രീ.ജി. കാർത്തികേയൻ (ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി):-**

(എ) ശബരിമലയിലെ നെയ്യഭിഷേകത്തിനുള്ള തിരക്ക് ഒഴിവാക്കുവാൻ പരീക്ഷണാടിസ്ഥാനത്തിൽ ചെങ്ങന്നൂർ, തിരുനക്കര, എരുമേലി ദേവസ്വങ്ങളിൽ പ്രവർത്തിച്ചുവരുന്ന ദേവസ്വം ഇൻഫർമേഷൻ സെന്ററുകൾവഴി നെയ്യഭിഷേകത്തിനുള്ള ടിക്കറ്റുകൾ നൽകുന്നതിന് ബോർഡ് തീരുമാനിച്ചിട്ടുണ്ട്. അന്യസംസ്ഥാനങ്ങളിലെ അയ്യപ്പഭക്തരുടെ സൗകര്യാർത്ഥം മഹാലിംഗപുരത്തും വിജയവാഡയിലും ഇൻഫർമേഷൻ സെന്ററുകൾ ആരംഭിച്ചിട്ടുണ്ട്. ബാംഗ്ളൂരിലും ഒരു ഇൻഫർമേഷൻ സെന്റർ ആരംഭിക്കുവാൻ നടപടി എടുത്തുവരുന്നു. പമ്പയിൽ ദേവസ്വംബോർഡിന്റെ അധീനതയിൽ ആധുനികസജ്ജീകരണങ്ങളോടുകൂടിയ ഒരു ആശുപത്രി, വരുന്ന

ശബരിമല ഉൽസവത്തിനു മുമ്പ് ആരംഭിക്കുവാൻ നടപടി സ്വീകരിച്ചുവരുന്നു. ചാലക്കയം മുതൽ പമ്പവരെയുള്ള റോഡ് ദേശീയപാതയുടെ നിലവാരത്തിൽ വികസിപ്പിക്കുന്നതിനുള്ള നടപടി നടന്നുവരുന്നു. പ്രധാന വഴിപാടുകളിലൊന്നായ 'ഉണ്ണിയപ്പം' ആധുനിക യന്ത്രോപകരണങ്ങൾ ഉപയോഗിച്ച് നിർമ്മിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. ശബരിമലയിൽ ഡ്യൂട്ടിക്ക് എത്തുന്നവർക്ക് കൂടുതൽ താമസസൗകര്യം ഏർപ്പെടുത്തുന്ന കാര്യവും തീർത്ഥാടകർക്ക് സൗജന്യഭക്ഷണം നൽകുന്നതിനുള്ള കെട്ടിടങ്ങൾ നിർമ്മിക്കുന്ന കാര്യവും പരിഗണനയിലാണ്. മേൽപ്പറഞ്ഞ കാര്യങ്ങൾ കൂടാതെ തീർത്ഥാടകർക്കുവേണ്ടി ദേവസ്വംബോർഡ് എല്ലാവർഷവും ഏർപ്പെടുത്തിവരുന്ന മറ്റുകാര്യങ്ങൾ (വിരിവയ്ക്കുന്നതിനുള്ള സൗകര്യം, പ്രസാദവിതരണം, ചുക്കുവെള്ളവിതരണം എന്നിവ മെച്ചപ്പെട്ടതാക്കുന്നതിനും ബോർഡ് നടപടി കൈക്കൊണ്ടുവരുന്നുണ്ട്.

(ബി,സി,&ഡി) : " നേച്ചർ ലവേഴ്സ് മൂവ്മെന്റ്" എന്ന സംഘടന ബഹു: സുപ്രീംകോടതിയിൽ ഫയൽ ചെയ്തിട്ടുള്ള റിട്ട് പെറ്റീഷൻ (സിവിൽ) 212/200-ൽ ബഹു: സുപ്രീംകോടതി "സ്റ്റാറ്റസ്ക്വോ" ഉത്തരവായിട്ടുള്ളതിനാൽ ശബരിമല സ്ഥിതിചെയ്യുന്ന പെരിയാർ ടൈഗർ റിസർവ്വ് മേഖലയിൽ പുതിയ നിർമ്മാണപ്രവർത്തനങ്ങളൊന്നും നടത്താൻ കഴിയുന്നില്ല. സുപ്രീംകോടതിയിലെ കേസ്സിലുള്ള ഈ തടസ്സം നീങ്ങിക്കിട്ടിയാൽ മാത്രമേ പുതിയ നിർമ്മാണപ്രവർത്തനങ്ങൾ നടത്തുവാൻ ദേവസ്വംബോർഡിന് കഴിയുകയുള്ളു.

**<u>ക്ഷേമപദ്ധതികൾക്കായി നൽകിയ ചെക്കുകളുടെ നിയന്ത്രണം പൂർണ്ണമായി പിൻവലിക്കുവാൻ നടപടി</u>**

552. ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതൊക്കെ ഇനത്തിനാണ് ഇപ്പോഴും ട്രഷറി നിയന്ത്രണം ഏർപ്പെടുത്തിയിരിക്കുന്നത് എന്ന് വെളിപ്പെടുത്തുമോ ;

(ബി) ജനകീയ ആസൂത്രണവുമായി ബന്ധപ്പെട്ട് രൂപീകരിക്കപ്പെട്ട കമ്മിറ്റികൾ ചെയ്ത പണികളുടെ ചെക്ക് മാറുന്നതിനുള്ള നിയന്ത്രണം ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ; ഇല്ലെങ്കിൽ കാരണം എന്തെന്ന് വിശദമാക്കുമോ ;

(സി) അൻപതിനായിരം രൂപവരെയുള്ള എല്ലാ ചെക്കുകളും ബില്ലുകളും മാറുന്നതിനുള്ള നിയന്ത്രണം ഒഴിവാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ എന്തു നടപടി എന്ന് വിശദമാക്കുമോ ;

(ഡി) ക്ഷേമപദ്ധതികൾക്കായി നൽകിയ ചെക്കുകൾ മാറുന്നതിനുള്ള നിയന്ത്രണം പൂർണ്ണമായി പിൻവലിക്കുമോ; എങ്കിൽ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ ?

**<u>ഉത്തരം</u>**

**ശ്രീ. കെ. ശങ്കരനാരായണൻ (ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി):-**

(എ) ഏറ്റവും അവസാനമായി അനുവദിച്ച ഇളവുകളുടെ പട്ടിക ഇതോടൊപ്പം വയ്ക്കുന്നു. ഇതിൽ പറഞ്ഞിരിക്കുന്നവയല്ലാത്ത ഇനങ്ങൾക്കെല്ലാം ഇപ്പോൾ നിയന്ത്രണമുണ്ട്.

(ബി) ജനകീയാസൂത്രണവുമായി ബന്ധപ്പെട്ട പണികളുടെ 30-4-2002 വരെ തദ്ദേശഭരണ സ്ഥാപനങ്ങൾ നൽകിയ 5 ലക്ഷം രൂപവരെയുള്ള എല്ലാ ചെക്കുകളും മാറി നൽകുവാൻ വേണ്ട നിർദ്ദേശം ട്രഷറികൾക്ക് നൽകിയിട്ടുണ്ട്. കൂടാതെ 30-4-2002-നു ശേഷമുള്ള 10,000/- രൂപ വരെയുള്ള എല്ലാ വ്യക്തിഗത ചെക്കുകൾ മാറുവാനും നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ഇല്ല.

(ഡി) തദ്ദേശസ്ഥാപനങ്ങളുടെ പി.ഡി. ചെക്കുകൾ മുഖേനയുള്ളതുൾപ്പെടെ എല്ലാ ക്ഷേമ പെൻഷനുകളെയും ട്രഷറി നിയന്ത്രണത്തിൽനിന്ന് ഒഴിവാക്കിയിട്ടുണ്ട്.

***************